(സി) ഡിവിഷൻ ആഫീസും ഒരു സബ്ഡിവിഷൻ ആഫീസും മൂവാറ്റുപുഴയിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) എം.വി.ഐ.പി. യിൽ കാഡ പദ്ധതി നടപ്പിലാക്കുന്നതിന് 10-12-2009-ലെ ഉത്തരവ് നമ്പർ.13-3-2009/CADWM പ്രകാരം കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീമതി നീനയ്ക്ക് പ്രൊമോഷൻ നൽകുവാൻ നടപടി

127 (5017) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ പുനലൂർ കെ.ഐ.പി. ഓഫീസിൽ 1997 -ൽ എൽ.ഡി. ക്ലാർക്കായി ജോലിയിൽ പ്രവേശിക്കുകയും 2002-ൽ ഡിപ്പാർട്ട് മെന്റൽ ടെസ്റ്റ് പാസ്സാകുകയും 2008-ലെ പ്രൊമോഷൻ ലിസ്റ്റിൽ 268-ാം റാങ്കുള്ളതുമായ ശ്രീമതി ആർ. നീനയ്ക്ക് പ്രൊമോഷൻ ലിസ്റ്റിൽ 307 വരെ യുള്ളവർക്ക് പ്രൊമോഷൻ ലഭിച്ചിട്ടും പ്രൊമോഷൻ വൈകുന്നതെന്തെന്ന് വ്യക്തമാക്കുമോ ; അടിയന്തരമായി സീനിയോറിറ്റി നഷ്ടമാവാതെ ശ്രീമതി ആർ. നീനയ്ക്ക് പ്രൊമോഷൻ ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കെ.ഐ.പി. സർക്കിളിൽ എൽ.ഡി. ക്ളാർക്കായ ശ്രീമതി ആർ. നീന കൃത്യസമയത്ത് 'സർവ്വീസ് കാർഡ്' സമർപ്പിക്കാത്തതുകൊണ്ടാണ് അർഹതപ്പെട്ട പ്രൊമോഷൻ അർഹതപ്പെട്ട സമയത്ത് ലഭിക്കാതെ പോയത്.

ജലസേചന വകുപ്പിൽ യു.ഡി.ക്ളാർക്കുമാരുടെ നിലവിലുള്ള ഒഴിവ് പ്രൊമോഷൻ വഴി നികത്തുന്നതിനായി അർഹതപ്പെട്ടവരുടെ സർവ്വീസ് കാർഡ് (ഓരോ ഉദ്യോഗസ്ഥന്റെയും സമ്പൂർണ്ണ വിവരങ്ങളടങ്ങുന്ന രേഖ) ജലസേചന വകുപ്പ് ചീഫ് എൻജിനീയർ തന്റെ കീഴിലുള്ള വിവിധ ഓഫീസുകളിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊമോഷനായി സർവ്വീസ് കാർഡ് ലഭിക്കുന്ന മുറയ്ക്ക് ശ്രീമതി ആർ. നീനയ്ക്ക് നിലവിലുള്ള നിയമപ്രകാരം പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പഴകിയ കെട്ടിടം പൊളിച്ചുമാറ്റി പുതുക്കി പണിയാനുള്ള നടപടി

128 (5018) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാനൂർ ഗവൺമെന്റ് എൽ.പി. സ്കൂളിനു സമീപമുള്ള വാട്ടർ അതോറിറ്റിയുടെ പഴകിയ കെട്ടിടം പൊളിച്ച് മാറ്റി പുതുക്കി പണിയാനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കെട്ടിടം പുതുക്കി പണിയാനുള്ള നടപടി ആരംഭിച്ച തെപ്പോഴാണ് ; ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതെപ്പോഴാ ണെന്നും വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റി പുതുക്കി പണിയാനുള്ള ചുമതല ആർക്കാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിക്ക് 14-7-2010-ൽ ടെണ്ടർ ക്ഷണിച്ചിരുന്നു വെങ്കിലും ടെണ്ടർ ഫോം ആരും വാങ്ങാത്ത സാഹചര്യത്തിൽ പുനർദർഘാസ് ക്ഷണിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) കെട്ടിടം പുതുക്കി പണിയുന്നതിന് 10-6-2010-ൽ നടപടി സ്വീകരി ക്കുകയും അതിന്റെ ഭാഗമായി ടി-തീയതിയിൽ തന്നെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുകയുമുണ്ടായി.

(സി) കണ്ണൂർ വാട്ടർ സപ്ലൈ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീ യർക്കാണ് ചുമതല.

(ഡി) പുനർദർഘാസ് നടപടികൾ പൂർത്തീകരിച്ച ശേഷം മാത്രമേ ആയതു വെളിപ്പെടുത്തുവാൻ കഴിയുകയുള്ളു.

ഫസ്റ്റ് ഗ്രേഡ് സർവ്വേയർമാരിൽനിന്നും എ.ഇ.മാരായി പ്രൊമോഷൻ

129 (5019) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഫസ്റ്റ് ഗ്രേഡ് സർവ്വേയർമാരിൽ നിന്നും എ.ഇ.മാരായി സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമക്കാർക്ക് 5% സംവ രണത്തിലൂടെ പ്രൊമോഷൻ നൽകാൻ കാലതാമസമെന്താണെന്ന് വ്യക്തമാ ക്കുമോ ;

(ബി) 12-10-2006-ലെ ബഹു. ഹൈക്കോടതിയുടെ ഡബ്ല്യൂ.പി.(സി) 26835/06-ാം നമ്പർ വിധിയുടെയും ഇതിന്റെ അടിസ്ഥാനത്തിലുള്ള 28-12-2006-ലെ ജി.ഒ.(ആർ.ടി.) നമ്പർ.1628/06 ഡബ്ല്യൂ.ആർ.ഡി. ഉത്തരവിന്റേയും അടിസ്ഥാന ത്തിൽ പ്രസ്തുത നിയമനങ്ങൾ നൽകാൻ ഇനിയും കാലതാമസം ഉണ്ടാകുന്ന തെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രൊമോഷൻ എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly